(ഡി) കോളേജ് യൂണിയനുകളിലേക്കും സർവ്വകലാശാലാ യൂണിയനുകളിലേക്കും നടക്കുന്ന തെരഞ്ഞെടുപ്പ് സംബന്ധിച്ച് നിലവിലുള്ള കേസുകളിൽ ബഹു: സുപ്രീംകോടതി 3-10-2005-ൽ പുറപ്പെടുവിച്ച് ഇടക്കാല ഉത്തരവിൽ പ്രസ്തുത തെരഞ്ഞെടുപ്പുകൾ എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് നടത്തേണ്ടത് എന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരാഞ്ഞിരുന്നു. സർവകലാശാലാ വൈസ് ചാൻസലർ മാരുടെ ഏകകണ്ഠമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന് പ്രസിഡൻഷ്യൽ രീതിയാണ് അഭികാമ്യമെന്ന് ബഹു: സുപ്രീംകോടതിയെ അറിയിക്കുകയും ചെയ്തു.

സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ പഠിക്കുന്ന പിന്നോക്ക വിദ്യാർത്ഥികളുടെ അധികരിച്ച ഫീസ് സർക്കാർ നൽകുന്നതിന് നടപടി

4 [*159] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന എസ്. സി./എസ്. ടി., വിഭാഗങ്ങളിലേയും ഒ. ഇ. സി. വിഭാഗങ്ങളിലേയും വിദ്യാർത്ഥികൾക്ക് അധികമായി നൽകേണ്ടി വരുന്ന ഫീസ്, സർക്കാർ നൽകുന്നത് എങ്ങനെയെന്ന് വ്യക്തമാക്കുമോ; ആയതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് നൽകുന്ന സർക്കാർ ആനുകൂല്യങ്ങൾ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ബഹു: സുപ്രീംകോടതിയുടെ ഉത്തരവ് പ്രകാരം (റിട്ട.) ജസ്റ്റീസ് കെ. റ്റി. തോമസ് ചെയർമാനായുള്ള കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാണ് 2004-05 അദ്ധ്യയന വർഷം മുതൽ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് ബാധകമാക്കിയിട്ടുള്ളത്. ഒരു കോഴ്സിന് രണ്ടു ഫീസ് പാടില്ലെന്നും ബഹു: സുപ്രീംകോടതി വ്യക്തമാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് അംഗീകരിച്ചിട്ടുള്ള ഫീസ് നിരക്ക് താഴെപ്പറയുംപ്രകാരമാണ്:

എം.ബി.ബി.എസ്.	-	1,13,000 രൂപ
എഞ്ചിനീയറിംഗ്	-	38,700 രൂപ
ബി.ഡി.എസ്.	-	76,000 രൂപ
ആയുർവേദം (ബി.എ.എം.എസ്.)	-	45,500 രൂപ
ബി.ഫാം	-	35,000 രൂപ
ബി,എസ്.സി. നഴ്സിംഗ്	-	49,400 രൂപ
ബി.എസ്.എം.എസ്. (സിദ്ധ)	-	40,500 രൂപ

LIBRARY ARCHIVES Kerala Legislative Assembly

സ്വാശ്രയ പ്രൊഫഷണൽ കോഴ്സുകൾക്ക് മെറിറ്റ് സീറ്റിലും സംവരണ സീറ്റിലും പ്രവേശനം ലഭിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റർഹ വിദ്യാർത്ഥികൾക്ക് ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരമുള്ള ഫീസ് നിരക്കനുസരിച്ച് വിദ്യാഭ്യാസ ആനുകൂല്യം 2005-06 അദ്ധ്യയന വർഷം മുതൽ അനുവദിച്ചു നൽകിക്കൊണ്ട് 2-7-2005-ലെ ജി. ഒ. (എം.എസ്.) നമ്പർ. 28/05/പ.ജ.പ.വ.വി.വ. നമ്പരായുള്ള സർക്കാർ ഉത്തരവുപ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. +

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ഹിൽ ഹൈവേ നിർമ്മാണം

5 [*160] ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, കെ. കെ. ജയചന്ദ്രൻ :

,, എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ ഹൈവേ ഒന്നാം ഘട്ടത്തിന്റെ നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ;

(ബി) ഹിൽ ഹൈവേയുടെ നിർമ്മാണ ഉദ്ഘാടനം എന്നാണ് നടന്നത്;

(സി) ഒന്നാം ഘട്ടത്തിന്റെ ദർഘാസുകൾ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഒന്നാം ഘട്ടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഒന്നാം ഘട്ടം പൂർത്തിയാക്കുന്നതിന് പുതുതായി എത്ര കിലോ മീറ്റർ റോഡ് നിർമ്മിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ) :

(എ) ഹിൽ ഹൈവേ ഒന്നാം ഘട്ടം കാസർഗോഡ് നിന്നും തുടങ്ങി പാലക്കാട് ജില്ലയിൽ അവസാനിക്കുന്ന ഭാഗമാണ്. ഇതിൽ കണ്ണൂർ ജില്ലയിൽ വരുന്ന പുറഞ്ഞാൽ-ചെമ്പേരി-പൂപ്പറമ്പ-വെമ്പുവ-പയ്യാവൂർ റോഡിൽ 10 കി. മീറ്റർ ഭാഗത്ത് നിർമ്മാണം നടന്നു വരുന്നു. കൂടാതെ വയനാട് ജില്ലയിൽ വരുന്ന മാനന്തവാടി കൽപ്പറ്റ റോഡിന്റെ 34 കി. മീറ്റർ ഭാഗം ബി. എം. ആന്റ് ബി. സി. ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകി കഴിഞ്ഞിട്ടുണ്ട്. ഈ ജോലികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.

(ബി) 14-1-2005-ൽ ആണ് ഉദ്ഘാടനം നിർവ്വഹിച്ചത്.

(സി) ഒന്നാം ഘട്ടത്തിന്റെ ഭാഗമായ കണ്ണൂർ ജില്ലയിലെ 10 കി. മീറ്റർ ഭാഗത്ത് ദർഘാസ് നടപടികൾ പൂർത്തീകരിച്ചു. പണി നടന്നു വരുന്നു.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly